**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 534 — <u>06.02.2013-ലെ മറുപടിയ്ക്ക്</u>

## <u>കോഴിക്കോട് ജില്ലയിലെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>

**<u>ചോദ്യം</u>**

ശ്രീ. കെ. ദാസൻ

**<u>മറുപടി</u>**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു; | (എ) | കോഴിക്കോട് ജില്ലയിൽ കോഴിക്കോട് നോർത്ത്, കോഴിക്കോട് സ ൗ ത്ത്, ഇലത്തൂർ, തിരുവമ്പാടി എന്നീ 4 നിയോജക മണ്ഡലങ്ങളിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജില്ലയിൽ പുതുതായി എവിടെയെങ്കിലും സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിൽ മുണ്ടോട്ടുകളങ്ങര, കൂടരഞ്ഞി, കോടഞ്ചേരി, കുളിമാട്, മണാശ്ശേരി എന്നീ സ്ഥലങ്ങളിൽ ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പുതുതായി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും മാർഗ്ഗരേഖയും വ്യക്തമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് |

ഏജൻസികൾ എന്നിവ
വാടകരഹിതമായി സ്റ്റോർ
തുടങ്ങുന്നതിന് അനുയോജ്യമായ
സ്ഥലം നൽകുന്ന ഇടങ്ങളിൽ
വ്യാപാര സാധ്യത കൂടി
പരിഗണിച്ച് മുൻഗണന നൽകി
സ്റ്റോറുകൾ ആരംഭിക്കുന്നു. വാടക
രഹിതമായി 300 ച.അടി ഷോപ്പ്
സ ൗ കര്യം നൽകുന്ന
സ്ഥലങ്ങളിൽ നന്മ സ്റ്റോറും, 60
മുതൽ 800 ച.അടി ഷോപ്പ്
സ ൗ കര്യം നൽകുന്ന
സ്ഥലങ്ങളിൽ മിനി ത്രിവേണി
സ്റ്റോറും, 1000 ച.അടി സ്ഥല
സ ൗ കര്യം ലഭ്യമാക്കുന്ന
ഇടങ്ങളിൽ ലിറ്റിൽ ത്രിവേണി
സൂപ്പർ മാർക്കറ്റും ആരംഭിക്കുക
എന്നതാണ് പൊതുവായി
സ്വീകരിച്ചു വരുന്ന മാനദണ്ഡം.

സെക്ഷൻ ഓഫീസർ